# തുമ്പമൺ ഗ്രാമപഞ്ചായത്ത്

# കുടുംബശ്രീ സി ഡി എസ്

# പത്തനംതിട്ട ജില്ല

## ആമുഖം

ലോകംഇന്ന് " കൊറോണ" എന്ന മഹാമാരിയുടെ കൈയ്യിൽ അകപ്പെട്ടു നിൽക്കുന്ന ഈ സാഹചര്യത്തിൽ വൈറസ് വ്യാപനം തടയുന്നത്തിനു വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാർ നടത്തിവരുന്ന പരിശ്രമങ്ങളോടൊപ്പം കൈകോർക്കാൻ കുടുംബശ്രീയും മുന്നോട്ടുവരുകയാണ് .കുടുംബശ്രീ സംസ്ഥാന – ജില്ല മിഷന്റെ നിർദേശപ്രകാരം ഓരോ സി ഡിഎസിലെയും അയൽക്കൂട്ടവനിതകൾ മുതൽ ഉദ്യോഗസ്ഥ വൃന്ദം ഉൾപ്പടെ കുടുംബശ്രീയോടു ചേർന്ന് നിന്ന് രോഗ വ്യാപനം തടയുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികൾ ആയിട്ടുണ്ട് .

തുമ്പമൺ സി ഡി എസ് വൈറസ് വ്യാപനം തടയുന്നത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വംനൽകി .ഒരുപാട് പരിമിതികൾക്കുള്ളിൽ നന്ന് കൊണ്ട് തന്നെ ഏറ്റെടുത്ത പ്രവർത്തനങ്ങൾ വൻവിജയമാക്കാൻ സാധിച്ചിട്ടുണ്ട് .

## കമ്മ്യൂണിറ്റി കിച്ചണും, ജനകീയ ഹോട്ടലും

ഉപരി ഘടകത്തിന്റെ നിർദേശപ്രകാരം സി ഡി എസിൽ മാർച്ച് 29 നു എസ് സി കഫേ കുടുംശ്രീ അംഗങ്ങളായ അഞ്ചു പേരുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു .നിരവധി സന്നദ്ധസംഘടനകളുടെയും ,സന്നദ്ധ പ്രവർത്തകരുടെയും സഹായത്താൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ മെയ് പത്താം കൊണ്ട് കമ്മ്യൂണിറ്റി കിച്ചൺന്റെ പ്രവർത്തനം വളരെ വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചു . പ്രസ്തുത

പ്രവർത്തനത്തിന്റെ ഭാഗമായി 7022 ഭക്ഷണ പൊതികൾ നൽകുവാൻ സാധിച്ചു .വിവിധ JLG യൂണിറ്റുകൾ ,കുടുംബശ്രീ യൂണിറ്റുകൾ എന്നിവരും ഈ മഹാ യജ്ഞത്തിൽ പങ്കാളികൾ ആയി .മെയ് പത്തിന് ശേഷം ജനകീയ ഹോട്ടലുകളായിപ്രവർത്തിച്ചു വരുന്ന ഈ യൂണിറ്റുകൾ നിരീക്ഷണത്തിൽ കഴിയുന്ന പ്രവാസികൾക്കും ,മറ്റു സംസ്ഥാനങ്ങളിൽ നിന്ന് മടങ്ങി എത്തിയവർക്കും ഭക്ഷണ പൊതികൾ നൽകി വരുന്നു . ലോക്ക് ഡൌൺ കാലത്ത് ആലംഭഹീനരായ ഒരാളെ പോലും വിട്ടുപോകാതെ വിശപ്പ് രഹിത സി ഡി എസ് ആക്കിമാറ്റാൻ സാധിച്ചു എന്നതിൽ ഒരുപാട് അഭിമാനം തോന്നുന്നു .





<u>മുഖ്യ മന്ത്രിയുടെ സഹായ ഹസ്തം വായ്പ</u>

ഈ അത്യാഹിത ഘട്ടത്തിൽ ഒരു കൈത്താങ് ആയി അയൽക്കൂട്ട വനിതകൾക്കായി അനുവദിച്ച C M H L S ലോണിനുള്ള അപേക്ഷ 60/70 കുടുംബശ്രീകളിൽ നിന്നും ലഭിച്ചു .

ശേഖരിച്ച അപേക്ഷകൾ സമയബന്ധിതമായി ബാങ്കുകളിൽ സമർപ്പിച്ചു . 36 യൂണിറ്റിലെ 320 അംഗങ്ങൾക്കായി 48,2000രൂപ വായ്പ ലഭ്യമായി . CMHLS ലോണിന്റെ ആദ്യ വിതരണം

ബഹു :പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സക്കറിയ വർഗീസ് നിർവഹിച്ചു

ബാക്കി അയൽക്കൂട്ടങ്ങൾക്കു ഈ ആഴ്ച തന്നെ വായ്പ്പാ നല്കാൻഉള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു



## <u>ബോധവത്കരണം</u>

**ലോക്ഡൌൺ ആരംഭിക്കുന്നതിനു മുൻപ്അയൽക്കൂട്ടങ്ങൾ വിളിച്ചു ചേർത്ത് കൊറോണ വ്യാപനംതടയുന്നതിനായി ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും വിശകലനം ചെയ്യുകയും ചെയ്തു വയോജന അയൽക്കൂട്ട അംഗങ്ങൾ കൂടുതൽ കരുതലോടെ ഇരിക്കുവാൻ വേണ്ട നിർദേശങ്ങളും നൽകി .എഴുപത് അയൽക്കൂട്ടങ്ങളിലായി ആയിരത്തി ഇരുനൂറ്റി നാൽപ്പത് കുടുംബങ്ങളിൽ  ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ  കഴിഞ്ഞു .ലോക് ഡൌൺ കാലയളവിൽ സർക്കാർ  നിർദേശങ്ങൾ   അയൽക്കൂട്ടങ്ങങ്ങളിൽ എത്തിക്കുവാൻ ഓരോ വാർഡിലുമുള്ള ഗ്രൂപ്പുകൾ രൂപീകരിച്ചു ആശയ വിനിമയം നടത്തി വരുന്നു . ശുചീകരണത്തിൻ്റെ പ്രാധാന്യം ആളുകൾക്ക് നല്കാൻ സാധിച്ചു**



## <u>മാസ്‌ക്കും സാനിറ്റയ്‌സറും</u>

തുമ്പമൺ പഞ്ചായത്തിൽ രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായി മാസ്കുകൾ നിർമിക്കുന്നതിനായി സി ഡി എസിലെ നേച്ചർ ബാഗ് യൂണിറ്റ് ,അഭി ബാഗ് യൂണിറ്റ് എന്നിവർക്ക് നിർദേശം നൽകി .ഇതുവരെ എഴായിരത്തി അഞ്ഞൂറ് മാസ്കുകൾ ആണ് ഈ യൂണിറ്റുകൾ തയ്ച്ചു നൽകിയത് .കൂടാതെ കമ്മ്യൂണിറ്റി കിച്ചണിലെ വോളന്റിയര്മാര്ക്കും ,പ്രവർത്തകർക്കും അവശ്യമായ മാസ്‌ക്കുകൾ സൗജന്യമായി ലഭ്യമാക്കുകയും ചെയ്തു . ഇനിയും മൂവായിരം മാസ്കുകളുടെ ഓർഡർ കൂടി ഈ യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട് . മാത്രമല്ല പല അയൽക്കൂട്ടങ്ങളും സാനിറ്റൈസർ നിർമിച്ചു സി ഡി എസിൽ എത്തിക്കുന്നുമുണ്ട് .



## വയോജനങ്ങൾക്കും ,ആശ്രയ ഗുണഭോക്താക്കൾക്കും പ്രത്യേക കരുതൽ

ഭക്ഷണം മരുന്ന് എന്നിവ ആവശ്യമായ വയോജനങ്ങൾ ,ആശ്രയ ഗുണഭോക്താക്കൾ എന്നിവരെ ഫോണിലൂടെ ബന്ധപ്പെട്ട് ( KAASS ഓഡിറ്റർ ശ്രീമതി ജയ, BC ശ്രീമതി റിൻസി )അവർക്കു വേണ്ട സഹായം വോളന്റിയേഴ്സ് മുഖാന്തിരം ലഭ്യമാക്കുകയും ചെയ്തു ദിവസവും ഇവരുമായി ഫോണിലൂടെ ആശയ വിനിമയം നടത്തി സേവനങ്ങൾ ലഭ്യമാക്കി വരുന്നു .



## സന്നദ്ധ പോർട്ടൽ രജിസ്ട്രേഷൻ

പ്രതിസന്ധി ഘട്ടത്തിൽ സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ താല്പര്യമുള്ള അയൽക്കൂട്ട അംഗങ്ങളെയും സി ഡി എസ് ജീവനക്കാരെയുംഉൾപ്പടെ ഏകദേശം 150 അംഗങ്ങളെ സർക്കാരിന്റെ സന്നദ്ധസേന പോർട്ടലിലേക്കു രജിസ്റ്റർ ചെയ്യാനുള്ളവരുടെ ലിസ്റ്റ് ജില്ലാ മിഷന് കൈമാറി.

## കൗൺസിലിങ് സേവനങ്ങൾ

ആരോഗ്യ വകുപ്പും ജില്ലാ ഭരണ കൂടവും ചേർന്ന് കമ്മ്യൂണിറ്റി കൗൺസിലർമാരെ ഉൾപ്പെടുത്തി നിരീക്ഷണത്തിൽ കഴിയുന്ന ആളുകൾക്ക് ടെലി കൗൺസിലിങ്ങും ,മാനസിക പിന്തുണയും നൽകുന്ന പ്രവർത്തനം ലോക് ഡൗണിന്റെ ആദ്യ ഘട്ടത്തിൽ തന്നെ ആരംഭിച്ചിരുന്നു .ഒപ്പം കമ്മ്യൂണിറ്റി കൗൺസിലർ ആയ മനീഷ സി ഡി എസിൽ നിരീക്ഷണത്തിൽ കഴിയുന്ന ആളുകൾക്ക് വേണ്ട മാനസിക പിന്തുണയും കൗൺസിലിങ്ങും നിശ്ചിത ഇടവേളകളിൽ നൽകിവരുന്നു.



# <u>ഉപസംഹാരം</u>

സമൂഹത്തെ നശിപ്പിച്ചു കൊണ്ടിരിക്കുന്ന മഹാ വിപത്തിനെ നേരിടുവാൻ സി ഡി എസ് ഒന്നടങ്കം കൈകോർക്കുകയാണ്. ആയതിന്റെ ഭാഗമായി അയൽക്കൂട്ട മീറ്റിങ്ങുകൾ സർക്കാരിന്റെ നിർദേശങ്ങൾ അനുസരിച്ചു തന്നെ സാമൂഹിക അകലം പാലിച്ചു കൊണ്ട് ,മുഖാവരണം ധരിച്ചു കൂടുവാനും തീരുമാനമായി .ഈ മഹാ മാരിയെ അതിജീവിക്കുവാനും,ചെറുത്തു നിൽക്കുവാനും സമൂഹത്തെ ഉദ്ബോധിപ്പിച്ചു കൊണ്ട് എന്നും കുടുംബശ്രീയോടൊപ്പം മുന്നോട്ട് ...............

<u>റിപ്പോർട്ട് തയ്യാറാക്കിയവർ</u>

* ചെയർപേഴ്സൺ ഷൈനി രാജ്മോഹൻ
* അക്കൗണ്ടന്റ് ഷിനു വിനോദ്
* ബ്ലോക് കോർഡിനേറ്റർ ബിൻസി
* കമ്മ്യൂണിറ്റി കൗൺസിലർ മനീഷ